"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം- എറണാകുളം ജില്ലയിലെ പറവൂർ ബ്ലോക്ക് പഞ്ചായത്തിലെ സീനിയർ ഡ്രൈവർ ഗ്രേഡ് (ഹയർ) ആയ ശ്രീ. ശ്രീരാജ്. കെ. ടി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ. എ (ഇകെഎം) 837/2025 നമ്പർ കേസിന്റെ 31/07/2025 -ലെ വിധിന്യായത്തിലെ നിർദ്ദേശങ്ങൾ നടപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.2211/2025/LSGD തീയതി,തിരുവനന്തപുരം, 16-09-2025

---

പരാമർശം:-

1. സ.ഉ. (കൈ) നം. 46/2024/തസ്വഭവ, തീയതി 16.03.2024.
2. ശ്രീ.ശ്രീരാജ്.കെ.ടി, സീനിയർ ഗ്രേഡ് ഡ്രൈവർ (ഹയർ) സമർപ്പിച്ച 13/07/2025 ലെ അപ്പീൽ അപേക്ഷ(Annexure A10)
3. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീ. ശ്രീരാജ്. കെ.ടി ഫയൽ ചെയ്ത ഒ. എ (ഇകെഎം) 837/2025 നമ്പർ കേസിന്റെ 31/07/2025 -ലെ വിധിന്യായം
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 25/08/2025 തീയതിയിലെ LSGD/PD/18708/2025-LL6 നമ്പർ കത്ത്.
5. പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് 01/09/2025-ന് ചേർന്ന അപ്പീൽ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

എറണാകുളം ജില്ലയിലെ പറവൂർ ബ്ലോക്ക് പഞ്ചായത്തിലെ സീനിയർ ഗ്രേഡ് ഡ്രൈവർ (ഹയർ) ശ്രീ.ശ്രീ.രാജ്.കെ.ടി പൊതുസ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ. എ (ഇകെഎം) 837/2025 നമ്പർ കേസിന്റെ പരാമർശം (3)-ലെ വിധി ന്യായത്തിൽ, ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലോ, ടിയാന്റെ **Annexure 8** അപേക്ഷയിലെ **3** ഓപ്ഷനുകളിൽ എവിടെയെങ്കിലുമോ നിയമനം നൽകണമെന്ന ആവശ്യം പരിഗണിച്ച് ഒരു മാസത്തിനകം തീർപ്പാക്കണമെന്ന് ഉത്തരവായിട്ടുണ്ട്.

ഈ വിഷയത്തെ സംബന്ധിച്ച് തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർസമർപ്പിച്ച പരാമർശം (4) റിപ്പോർട്ടിലെ അഭിപ്രായ സഹിതം 01/09/2025-ലെ അപ്പീൽ കമ്മിറ്റിയിൽ സർക്കാർ പരിശോധിയ്ക്കുകയുണ്ടായി. ശ്രീ. ശ്രീരാജ്. കെ.ടി, സീനിയർ ഗ്രേഡ് ഡ്രൈവർ (ഹയർ)-ന്റെ പൊതുസ്ഥലംമാറ്റത്തിൽ ടിയാൻ ഓൺലൈൻ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ തയ്യാറാക്കിയെങ്കിലും ആയത് സമർപ്പിച്ചിട്ടില്ലെന്നും ടിയാന്റെ ലോഗിനിൽ നോട്ട് യെറ്റ് സബ്മിറ്റഡ് എന്നാണ് സ്റ്റാസസെന്നും ടിയാൻ സമർപ്പിച്ച അനക്ഷറിൽ നിന്ന് തന്നെ വ്യക്തമാണെന്നും ആയതിനാൽ സാങ്കേതിക പിശക് മൂലമാണ് അപേക്ഷ പ്രൊസസ് ചെയ്യാതിരുന്നത് എന്ന ടിയാന്റെ വാദം തെറ്റാണെന്നും ടിയാൻ 10/01/2022 മുതൽ നിലവിലെ

ഓഫീസായ പറവൂർ ബ്ലോക്ക് പഞ്ചായത്തിൽ നിലവിലെ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്നു എന്നും പൊതുസ്ഥലംമാറ്റമാനദണ്ഡങ്ങൾ പ്രകാരം നിലവിലെ സ്റ്റേഷനിൽ മൂന്ന് വർഷം പൂർത്തിയായതിനാൽ നിർബന്ധിത സ്ഥലംമാറ്റത്തിന് വിധേയൻ ആണെന്നും പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ ചട്ടം 2ബി പ്രകാരം നിലവിലെ ഓഫീസിൽ മൂന്നുവർഷം പൂർത്തിയാക്കിയ ജീവനക്കാർ നിർബന്ധമായും പൊതു സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കേണ്ടതും ഇപ്രകാരം സമർപ്പിക്കാത്ത പക്ഷം പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ചവരെ പരിഗണിച്ചശേഷം ഉള്ള ഒഴിവുകളിലേക്ക് മാത്രമേ ടിയാളുകളെ പരിഗണിക്കുകയുള്ളൂ എന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപേക്ഷകൻ മൂന്ന് വർഷത്തെ സേവനം പൂർത്തിയാക്കിയെങ്കിലും പൊതു സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ചില്ലെന്നതിനാൽ ടിയാനെ നിലവിൽ ഒഴിവുള്ള കോതമംഗലം നഗരസഭയിലേക്ക് പൊതുസ്ഥലംമാറ്റം നൽകിയിട്ടുണ്ടെന്നും ടിയാന്റെ അപ്പീലിലെ ആവശ്യം പരിഗണിക്കുന്ന പക്ഷം അത് മറ്റ് ജീവനക്കാരുടെ സ്ഥലംമാറ്റം ഉൾപ്പെടെ ബാധിക്കുമെന്നും പ്രിൻസിപ്പൽ ഡയറക്ടർ വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, ഈ വിഷയം 01/09/2025-ന് ചേർന്ന അപ്പീൽ കമ്മിറ്റിയിൽ പരിശോധിക്കുകയും, സാങ്കേതിക പിഴവ് മൂലമാണ് അപേക്ഷ സമർപ്പിക്കുവാൻ കഴിയാതിരുന്നത് എന്ന ടിയാന്റെ വാദം അനുഭാവപൂർവ്വം പരിഗണിയ്ക്കുകയും, എന്നാൽ മറ്റ് അനുകൂല ഘടകങ്ങളൊന്നും തന്നെയില്ലാത്തതിനാലും ടിയാനെ ജില്ലയ്ക്കകത്തുതന്നെയാണ് നിലവിൽ സ്ഥലംമാറ്റിയിട്ടുള്ളത് എന്നത് കൊണ്ടും, മറ്റ് താല്പര്യങ്ങൾ ഹനിക്കപ്പെട്ടിട്ടില്ല എന്നതിനാലും ശ്രീ.ശ്രീരാജ്.കെ.ടി യുടെ അപേക്ഷ പരാമർശം (5) പ്രകാരം അപ്പീൽ കമ്മിറ്റി നിരസിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, ശ്രീ.ശ്രീരാജ്.കെ.ടി യുടെ അപ്പീൽ അപേക്ഷയിലെ (Annexure A10) ആവശ്യങ്ങൾ പരിഗണിയ്ക്കുവാൻ നിർവ്വാഹമില്ലയെന്ന പരാമർശം (5) പ്രകാരമുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ അപ്പീൽ നിരസിച്ച് കൊണ്ട് പരാമർശം (3)-ലെ വിധി ന്യായത്തിലെ നിർദ്ദേശങ്ങൾ നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
2) ശ്രീ. ശ്രീരാജ്. കെ. ടി, സീനിയർ ഗ്രേഡ് ഡ്രൈവർ (ഹയർ), പറവൂർ ബ്ലോക്ക് പഞ്ചായത്ത്, എറണാകുളം ജില്ല
3) അഡ്വക്കേറ്റ് ജനറൽ , എറണാകുളം.
4) വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ്
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
5) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Dipukumar S L
Date: 16-09-2025 11:28:26
സെക്ഷൻ ഓഫീസർ